MR. A. KUMARA PILLAI (*Secretary to Government*) : അ എസ്റ്റിമേറ്റുപ്രകാരം ജോലിചെയ്യാൻ പാടില്ല എന്നു ചീഫ്എൻജിനീയർ ശു പാർശചെയ്തിരുന്നു.

MR. JOSEPH KUNJU (*Changanachery* cum *Peermade*) : അപ്പോൾ അ എസ്റ്റിമേറ്റു തള്ളിക്കളഞ്ഞോ?

MR. A. KUMARA PILLAI (*Secretary to Government*) : തള്ളിക്കളഞ്ഞു.

MR. JOSEPH KUNJU (*Changanachery* cum *Peermade*) : അങ്ങനെയാണെങ്കിൽ അ തള്ളിക്കളഞ്ഞു എന്നു പറയാതെ ഇപ്പോൾ അനുവദിച്ചില്ല എന്നു പറഞ്ഞതെന്തുകൊണ്ടാണ്?

MR. A. KUMARA PILLAI (*Secretary to Government*) : എസ്റ്റിമേറ്റ് അനുവദിച്ചില്ല എന്നുപറയുന്നതുതന്നെയാണ് അ തള്ളിക്കളഞ്ഞു എന്നുപറയുന്നതിന്റെ അർത്ഥം.

MR. JOSEPH KUNJU (*Changanachery* cum *Peermade*) : അതുരണ്ടിനും അർത്ഥവ്യത്യാസമില്ലെ?

MR. A. KUMARA PILLAI (*Secretary to Government*) : ഇവിടെ ഭാഷയുടെ ഇരുലഘുത്വത്തെപ്പറ്റി ആലോചിച്ചില്ല.

MR. JOSEPH KUNJU (*Changanachery* cum *Peermade*) : ഭാഷകൊണ്ടാണല്ലൊ അന്യോന്യം അഭിപ്രായങ്ങൾ ഗ്രഹിക്കേണ്ടതു്. അപ്പോൾ കൊണ്ടു ഭാഷ ശരിയായി പ്രയോഗിക്കേണ്ടയൊ?

MR. A. KUMARA PILLAI (*Secretary to Government*) : കാര്യങ്ങൾ മനസ്സിലാകത്തക്കവിധത്തിൽതന്നെ പറഞ്ഞിട്ടുണ്ടു്.

MR. JOSEPH KUNJU (*Changanachery* cum *Peermade*): എസ്റ്റിമേറ്റു തള്ളിക്കളഞ്ഞു എന്നാണൊ ഞാൻ ഇപ്പോൾ മനസ്സിലാക്കേണ്ടതു് ?

MR. A KUMARA PILLAI (*Secretary to Government*): അങ്ങനെവേണം മനസ്സിലാക്കാൻ.

Revenue from toddy shops in 1105 and 1107.

124. MR. JOSEPH KUNJU (*Changanachery* cum *Peermade*): Will the Government be pleased to lay on the table a statement showing the bid amount realised from each of the taluks of the State in the auction sale of toddy shops in 1105 and 1107, respectively ?

MR. A. KUMARA PILLAI (*Secretary to Government*) : A statement* showing the bid amounts obtained from toddy shops from each of the taluks in the State in 1105 is placed on the table. As regards the

Vide Appendix III—page iii.

LIBRARY ARCHIVES Kerala Legislative Assembly

year 1107, the Excise Commissioner reports that the information is not available as all the arrack and toddy shops for the period 1108—1109, have not been disposed of as yet (1-12-1107).

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഉത്തരത്തിൽ—

".....,the Excise Commissioner reports that the information is not available as all the arrack and toddy shops for the period 1108-1109 have not been disposed of as yet (1-12-1107)" എന്നുപറഞ്ഞുകാണുന്നു. ഞാൻ ചാരായഷാപ്പിനെപ്പറ്റിയല്ല ചോദിച്ചതു്. കള്ളുഷാപ്പു് ലേലത്തിൽ പോയിട്ടില്ലെ?

MR. A. KUMARA PILLAI (*Secretary to Government*): ഇല്ല.

MR. JOSEPH KUNJU (*Changanachery* cum *Peermade*): പോയിട്ടുള്ളതിന്റെ സംഖ്യയെങ്കിലും പറയാമൊ?

MR. A. KUMARA PILLAI (*Secretary to Government*) ഫ.ഫ.ം ൬-ലെ ലേലത്തിന്റെ വിവരം തയ്യാറായിട്ടില്ല.

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഏതെങ്കിലുംതലൂക്കിലെ ലേലത്തിൽ മുൻകൊല്ലത്തെക്കാൾ കൂടുതൽ തുകയ്ക്കു പോയിട്ടുണ്ടൊ?

MR. A. KUMARA PILLAI (*Secretary to Government*): അതു് മെമ്പർ ചോദിച്ചിട്ടില്ല.

MR. JOSEPH KUNJU (*Changanachery* cum *Peermade*): എന്നാൽ ഇതൊരുപചോദ്യമായിട്ടു ചോദിക്കയാണു്.

MR. A. KUMARA PILLAI (*Secretary to Government*): ഏതുതരത്തിന്റെ ഉപചോദ്യമാണിതു്?

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഇതിൽ ഒരു പാർട്ടെയുള്ളല്ലൊ.

MR. A. KUMARA PILLAI (*Secretary to Government*): അതിനുത്തരം പറഞ്ഞിട്ടുണ്ടു്. ആ ഉത്തരത്തിൽ ഏതുഭാഗത്തിന്മേലാണു് ഉപചോദ്യം ചോദിക്കുന്നതു്?

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഫ.ഫ.ം ൬-ൽ എല്ലാഷാപ്പുകളും ലേലത്തിൽ പോയിട്ടില്ല, കുറെ ഷാപ്പുകൾമാത്രമെ ലേലത്തിൽപോയിട്ടുള്ളു എന്നുപറഞ്ഞു. അങ്ങനെപോയ ഷാപ്പുകളുടെ സംഖ്യയാണു് ചോദിക്കുന്നതു്?

MR. A. KUMARA PILLAI (*Secretary to Government*): ആ വിവരം ഇവിടെ വന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly